"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കായിക യുവജനകാര്യ വകുപ്പ് -കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം 2025 അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായിക യുവജനകാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.23/2025/S&YA തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:- 1. 27.01.2025 ന് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ച യോഗത്തിന്റെ മിനിറ്റ്സ്

2. 2025 കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം

<u>ഉത്തരവ്</u>

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം 2025 അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, കായിക യുവജനകാര്യാലയം, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ) കേരള, തിരുവനന്തപുരം
3. ധനകാര്യ (എഡ്യുക്കേഷൻ - ബി) വകുപ്പ് (E 2982555. FIN- EDN-B1/511/2024-FIN)
4. റവന്യൂ (റവന്യൂ - ജി) വകുപ്പ് (G3/404/2024-REV)
5. വ്യവസായ (എഫ്) വകുപ്പ് (F2/470/2024-ID)
6. നികുതി (ജെ) വകുപ്പ് (J1/277/2024-TAX)
7. ജനറൽ അഡ്മിനിസ്ട്രേഷൻ (SC) വകുപ്പ് (വീഡിയോ ഇനം നമ്പർ 3473)
8. വെബ് & ന്യൂ മീഡിയ, വിവര - പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 3005329. SYA-A4/415/2024-SYA)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായിക യുവജനകാര്യ വകുപ്പു സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**കേരള സർക്കാർ**

**<u>കായിക യുവജനകാര്യ വകുപ്പ്</u>**

**വിജ്ഞാപനം**

**2025-ലെ കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം 2025**

കേരളത്തിൽ ലോകോത്തര കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് വൈവിധ്യമാർന്ന നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സൗകര്യപ്രദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ഉചിതമാണെന്ന് കേരള സർക്കാർ തിരിച്ചറിയുന്നതിനാലും;

പൊതു, സ്വകാര്യ നിക്ഷേപങ്ങൾ, പൊതു-സ്വകാര്യ പങ്കാളിത്തം (പിപിപി) എന്നിവയിലൂടെ ലോകോത്തര കായിക സൗകര്യങ്ങൾക്കായി ശക്തമായ ഒരു ചട്ടക്കൂട് സ്ഥാപിച്ചുകൊണ്ട് അത്‌ലറ്റിക് മികവ്, പൊതുജനാരോഗ്യം, സാമ്പത്തിക വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിനും, കായികാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും; മെച്ചപ്പെട്ട കായിക സൗകര്യങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടൂറിസം വർദ്ധിപ്പിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണന്നതിനാലും;

22.07.2023 ലെ G.O (Ms) No. 6/2023/S&YA പ്രകാരം സർക്കാർ കായിക നയം പ്രഖ്യാപിക്കുകയും 2025ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് (2025 ലെ 6-ാം ആക്ട് പ്രകാരം) ഭേദഗതി ചെയ്തതിനാലും;

അപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2000-ലെ കേരള സ്പോർട്സ് ആക്ടിന്റെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (ബി), (ബിഎ), (ഇഎച്ച്), (ഇഎസ്), (പിബി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥയനുസരിച്ച് സ്പോർട്സ് മേഖലയിലെ നിക്ഷേപങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു സ്കീം തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

1. **<u>ചുരുക്കപ്പേരും പ്രാരംഭവും.</u>** - (1) ഈ സ്കീമിന് 2025-ലെ കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം 2025 എന്ന് പേര് പറയാം. ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. **<u>നിർവചനങ്ങൾ.</u>** - (1) ഈ സ്കീമിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) "ആക്ട്" എന്നാൽ 2000-ലെ കേരള സ്പോർട്സ് ആക്ട് (2001-ലെ 2-ാം ആക്ട്) എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ" എന്നാൽ സ്റ്റേഡിയങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, സ്പോർട്സ് അക്കാദമികൾ എന്നിവയുൾപ്പെടെ, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെ, പരിശീലനം, സ്പോർട്സിന്റെ പരിശീലനം, പ്രോത്സാഹനം എന്നിവയെ പിന്തുണയ്ക്കുന്ന സൗകര്യങ്ങളും ഘടനകളും എന്നർത്ഥമാകുന്നു;

(ഡി) "പൊതു-സ്വകാര്യ പങ്കാളിത്തം (Public Private Partnership)" എന്നത് സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും നടത്തിപ്പിനുമായി സർക്കാരും സ്വകാര്യമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള ഒരു ക്രമീകരണം എന്നർത്ഥമാകുന്നു;

(ഇ) "സ്വകാര്യ നിക്ഷേപം" എന്നാൽ കോർപ്പറേഷനുകൾ, സൊസൈറ്റികൾ, സ്പോർട്സ് ഫെഡറേഷനുകൾ എന്നിവയുൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങൾ, സ്പോർട്സ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ നടത്തുന്ന സാമ്പത്തിക നിക്ഷേപങ്ങൾ എന്നർത്ഥമാകുന്നു;

(എഫ്) "സംസ്ഥാന സ്പോർട്സ് വികസന നിധി" എന്നാൽ ആക്ടിലെ 34(എ) വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച നിധി എന്നർത്ഥമാകുന്നു.

(ജി) "സംസ്ഥാന സ്പോർട്സ് കൗൺസിൽ" എന്നാൽ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(എച്ച്) "സ്പോർട്സ് കേരള ഫൗണ്ടേഷൻ" എന്നാൽ ആക്ടിലെ 8 (ബി എ) വകുപ്പ് പ്രകാരം വിശദീകരിച്ചിട്ടുള്ള 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' എന്നർത്ഥമാകുന്നു.

3. **<u>സർക്കാർ സഹായം.</u>** - (1) സാമ്പത്തിക സഹായം: പരിശീലന കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ, അക്കാദമികൾ എന്നിവയുൾപ്പെടെയുള്ള സ്പോർട്സിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി സർക്കാരിന് വാർഷികബജറ്റിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണ്. കൂടാതെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികൾ സ്വരൂപിക്കുന്ന ഫണ്ടുകൾ വഴി അത്തരം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

(2) സംസ്ഥാന സ്പോർട്സ് വികസന നിധി: കഴിവുള്ള വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സ്കോളർഷിപ്പുകൾ നൽകാവുന്നതാണ്. കായിക സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ ഇതര സഹായധനമായി മറ്റു ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

4. **<u>കേരള സ്പോർട്സ് കൗൺസിലിന്റെ പങ്ക്.</u>** - (1) ഈ സ്കീം പ്രകാരം, 2025-ലെ ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (ബി), (ബി എ), (ഇ എച്), (ഇ എസ്), (എച് ബി) & (പി ബി) എന്നീ ഖണ്ഡങ്ങൾ അനുസരിച്ച്, പൊതു, സ്വകാര്യ നിക്ഷേപങ്ങൾ, പൊതു-സ്വകാര്യ പങ്കാളിത്തം (Public Private Partnership) എന്നിവ സുഗമമാക്കുന്നതിനും, സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ, സ്പോർട്സ് ഇവന്റുകൾ, അക്കാദമികൾ എന്നിവയിൽ നിക്ഷേപം നടത്താൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്തെ സ്പോർട്സ് അടിസ്ഥാന സൗകര്യ പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനുമായുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കും. Public Private Partnership പദ്ധതികളിൽ Special Purpose Vehicle ആയി സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കും.

(2) സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, സ്പോർട്സ് ഇവന്റുകൾ, അക്കാദമികൾ എന്നിവയിൽ നിക്ഷേപം നടത്താൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വകാര്യ നിക്ഷേപം സമാഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമികൾ, സ്പോർട്സ് ടൂർണമെന്റുകൾ എന്നിവയിൽ സംരംഭകരെ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾക്ക് 5-ാം വകുപ്പ് 2-ാം ഉപവകുപ്പിന്റെ (ഇ എസ്), (എച് ബി)

എന്നീ ഖണ്ഡങ്ങൾ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, സ്പോർട്സ് കൗൺസിലിന് അംഗീകാരം നൽകാവുന്നതാണ്.

(3) ഈ സ്കീം പ്രകാരം കേരള സ്പോർട്സ് കൗൺസിലിന് ഏതെങ്കിലും പദ്ധതിയുടെ നടത്തിപ്പിന് വിവിധ നിയമ വ്യവസ്ഥകളിൽ നിന്നുള്ള ഇളവുകൾ ആവശ്യമാണെന്ന് കരുതുന്ന സാഹചര്യത്തിൽ, അത്തരം ഇളവുകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യാവുന്നതാണ്

5. **<u>സർക്കാരിന്റെ പങ്ക്.</u>** - (1) ഒരു പദ്ധതി നിർദ്ദേശം പൊതുതാൽപ്പര്യത്തിന് അനുയോജ്യമാണെന്ന് സർക്കാർ കരുതുന്ന സാഹചര്യത്തിൽ അത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അഭിപ്രായങ്ങൾക്കായി റഫർ ചെയ്യാവുന്നതാണ്. കൂടാതെ, അത് നടപ്പിലാക്കുന്നതിനുള്ള ഉചിതമായ പദ്ധതികൾ രൂപപ്പെടുത്താവുന്നതുമാണ്.

(2) കേരള സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കുന്ന അഭിപ്രായങ്ങൾ യഥാവിധി പരിഗണിച്ച ശേഷം യോഗ്യമെങ്കിൽ സർക്കാരിന് അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി അംഗീകരിക്കാവുന്നതാണ്.

6 . **<u>പ്രോത്സാഹനങ്ങൾ.</u>** - (1) 2023-ലെ കേരള വ്യവസായ നയത്തിൽ നൽകിയിരിക്കുന്ന പ്രോത്സാഹനങ്ങളും മറ്റ് പിന്തുണകളും കാലാകാലങ്ങളിൽ ഭേദഗതിയോടെ സർക്കാർ നൽകുന്നതാണ് .

(2) ഭൂമി പാട്ട പദ്ധതികൾ: സ്പോർട്സ് പാർക്കുകളും സ്പോർട്സ് സിറ്റികളും സ്ഥാപിക്കുന്നതിന് കെഎസ്ഐഡിസി/കിൻഫ്ര പോലുള്ള ഏജൻസികൾ വഴി ദീർഘകാല പാട്ടത്തിനുള്ള ഓപ്ഷനുകൾ നൽകുന്നതാണ്.

(3) മറ്റ് സഹായം: വിദൂര പ്രദേശങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾക്കായി ഭൂമി വികസിപ്പിക്കുന്നതിന് അക്സസ് റോഡുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് സർക്കാർ മുൻഗണന നൽകും.

7. <u>പ്രവർത്തന പിന്തുണ</u>

കേരള സ്പോർട്സ് കൗൺസിൽ ഭാവി നിക്ഷേപകരെ താഴെപ്പറയുന്ന കാര്യങ്ങളിൽ സഹായിക്കും.

(1) സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റം: ഒരു പ്രത്യേക സംവിധാനത്തിലൂടെ അംഗീകാരങ്ങളുടെ വേഗത്തിലുള്ള പ്രോസസ്സിംഗ് ഉറപ്പാക്കും.

(2) പ്രോജക്ട് ഫിനാൻസിംഗ്: കേരള സർക്കാരിനു കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പകളിലേക്കോ സോഫ്റ്റ് ഫിനാൻസിംഗിലേക്കോ ഉള്ള മാർഗ്ഗങ്ങൾ സുഗമമാക്കും.

(3) അക്കാദമികൾക്കുള്ള പ്രോത്സാഹനങ്ങൾ: സ്പോർട്സ് അക്കാദമികൾ സ്ഥാപിക്കുന്നതിന് ഗ്രാന്റുകളും ഭൂമി സബ്സിഡിയും ഉൾപ്പെടെ വിവിധ പ്രോത്സാഹനങ്ങൾ നൽകും.

(4) ദേശീയ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം: പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ദേശീയ സംഘടനകളുമായുള്ള പങ്കാളിത്തം സർക്കാർ പ്രോത്സാഹിപ്പിക്കും.

## 8. <u>മാർഗ്ഗനിർദ്ദേശങ്ങൾ</u>

ഈ പദ്ധതിയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി, കേരള സ്പോർട്സ് കൗൺസിലിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

**<u>വിശദീകരണക്കുറിപ്പ്</u>**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു

ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് കൊണ്ടുള്ളതാണ്)

22/07/2023-ലെ G.O.(Ms.)No.6/2023/S&YA പ്രകാരം സർക്കാർ കായികനയം പ്രഖ്യാപിക്കുകയും 2025-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് (2025-ലെ 6-ാം ആക്റ്റ്) പ്രകാരം 2000-ലെ കേരള സ്പോർട്സ് ആക്റ്റ് ഭേദഗതി ചെയ്യുകയുമുണ്ടായി. കേരളത്തിൽ ലോകോത്തര കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് വൈവിധ്യമാർന്ന നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സൗകര്യപ്രദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ഉചിതമാണെന്ന് കേരള സർക്കാർ തീരുമാനിക്കുകയും പൊതു-സ്വകാര്യ നിക്ഷേപങ്ങൾ, പൊതു സ്വകാര്യ പങ്കാളിത്തം എന്നിവയിലൂടെ ലോകോത്തര കായിക സൗകര്യങ്ങൾക്കായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി അത്ലറ്റിക് മികവ്, പൊതുജനാരോഗ്യം, സാമ്പത്തിക വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിനും കായികാധിഷ്ഠിത സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെട്ട കായിക സൗകര്യങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിലേയ്ക്കായി സ്പോർട്സ് മേഖലയിലെ നിക്ഷേപങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു സ്കീം തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം